
ഉദയം
ഡിജിറ്റൽ മാഗസിൻ
2018-19
GVHSS ATHOLI

# ഉദയം

## ഡിജിറ്റൽ മാഗസിൻ 2018-19

## ജി.വി.എച്ച്.എസ്.എസ്. അത്തോളി - ലിറ്റിൽ കൈറ്റ്സ്

## എഡിറ്റോറിയൽ ബോർഡ്

**തേജസ് കിരൺ**
**ആദർശ്**
**അമൽ എം**
**അഭയ് സുമേഷ്**
**നിവേദ്**
**രോഷ്ണ ബാബു**
**മേഘ**
**ദീപ**

**പ്രിയരേ,**

**ഇത് ഞങ്ങളുടെ ഒരു എളിയ ശ്രമം മാത്രമാണ്. എങ്കിലും വലിയൊരു പ്രചോദനമായി. നന്ദിയോടെ...........................**

ഉദയം4



## താളുകൾ മറിക്കുമ്പോൾ

- കാട്ടിലെ തോഴൻ
- വേരുകൾ
- നന്മയുടെ പ്രതീകം
- വാത്സല്യ ദീപം
- വായന അറിവിലേക്കുള്ള നേർവഴി
- നന്മയും തിന്മയും
- പഠനയാത്ര
- പാട്ട്
- അറിവിലേക്കുള്ള സ്നേഹവഴിവായന
- സ്കൂൾ ലൈബ്രറി പ്രവർത്തന രേഖ
- ചില സ്കൂൾ പ്രവർത്തനങ്ങൾ

# കാട്ടിലെ തോഴൻ

വീട്ടിലെ പല പ്രാരാബ്ധങ്ങൾക്കിടയിൽ നിന്ന് ഒളിച്ചോടിയ ഒരു ചെറുപ്പക്കാരന്റെ കഥയാണിത്.വീട്ടിലെ പ്രശ്നങ്ങൾ വർദ്ധിച്ചപ്പോൾ അവന്റെ മനസ്സിലെഭാരം കൂടി.ആ ഭാരം മരണമെന്ന അതിക്രൂരമായ വികാരത്തിലേക്ക് വഴിതെളിച്ചു.അവൻ മരണത്തിന്റെ പാതയിൽ സഞ്ചരിച്ചു.അവൻ മരണത്തെ മാത്രം മനസ്സിൽ കൊണ്ടു നടന്നു.ഒരു ദിനം അവൻ അവന്റെ വീട്ടിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടി എങ്ങോട്ടെന്നില്ലാതെ ഒരു ഭ്രാന്തനെപ്പോലെ അവൻ ഓടാൻ തുടങ്ങി.ഒരു അഗാതമായ വനത്തിലേക്കായിരുന്നു അവൻ എത്തിപ്പെട്ടത്.അവൻ നടത്തത്തിന്റെ വേഗത കുറച്ചു.അവൻ അവന്റെ മരണത്തിലേക്കുള്ള യാത്ര തുടർന്നു.സിംഹത്തിന്റെ ഗർജനവും അഗാതമായ ഇരുട്ടും അവനെ തെല്ലും ഭയപ്പെടുത്തിയില്ല.മരണം മാത്രം...അതിക്രൂരമായ മരണം അവന്റെ മനസ്സിന്റെ താളെ തെറ്റിച്ചിരുന്നു.ഇരുട്ട് കൂടാൻ തുടങ്ങി.വഴികളെല്ലാം ഇരുട്ടിൽ മറയപ്പെട്ടു.വഴിയറിയാതെ അവൻ മുന്നോട്ട് നീങ്ങി വനത്തിന്റെ ഹൃദയഭാഗത്തെത്തിയപ്പോൾ ആണ് ആ കാലൊച്ച അവൻ ശ്രദ്ധിച്ചത് അഗാതമായ ഇരുട്ടിൽ ഒരു ദേവനെപ്പോലെ ആ സുഹൃത്ത് അവനെ തേടിയെത്തി. അവൻ ഇങ്ങനെ പറഞ്ഞു- ആരാണ് നീ തെല്ലും ഭയം കൂടാതെയും എന്നാൽ ദേഷ്യത്തോടുമാണ് അവൻ ചോദിച്ചത്. അയ്യോ ഞാനൊരു പാവം ശരിക്കും നിൻെറ പ്രശ്നമെന്താണ് ഈ ചോദ്യം അവൻെറ മനസ്സിൽ സംശയങ്ങൾ ഉണ്ടാക്കി. എല്ലാം എനിക്ക് പ്രശ്നങ്ങളുണ്ടെന്ന് നിനക്കെങ്ങിനെ മനസ്സിലായി. അപ്പോൾ ഒരു ചെറുപുഞ്ചിരിയോട് കൂടി അയാൾ ഇങ്ങനെ പറഞ്ഞു. ഒരു മനിഷ്യന് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവൻെറ മുഖം കാണിച്ചുതരും .നിൻെറ മനസ്സിൽ മരണമെന്ന വികാരമാണ് നിറഞ്ഞിരിക്കുന്നത്.ഇപ്പോൾ നിനക്കു എന്തുപറഞ്ഞു തന്നാലും പാത്രം കമിഴ്ത്തിവെച്ച് വെള്ളം ഒഴിക്കുന്നതിന് സമമാണ്. ഈ പുഞ്ചിരിയും സ്നേഹസംഭാഷണവും ഒന്നും തന്നെ അവൻെ മനസ്സിലെ മരണമെന്ന വികാരത്തെ പിഴുതെറിയാൻ സാധിച്ചില്ല. ആ സുഹൃത്ത് അവനെ ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി ആദ്യമൊക്കെ മടിച്ചെങ്കിലും അവൻ പോകാൻ

തയാറായി. അവിടെ എത്തിയപ്പോൾ നിരകത്തിൽ നിന്ന് അനന്ത വിശാലത്തിലേക്ക് എന്നപോലെ അവൻ ആ സ്ഥലത്തേക്ക് കടന്നുവന്നു. അവിടെ മാത്രമായിരുന്നു വെട്ടം വെറും വെട്ടമല്ല, മിന്നാമിനുങ്ങിൻ വെട്ടം. ആ വെട്ടത്തിൽ അവിടെയുള്ള പുഴകളും വെള്ളച്ചാട്ടവും തിളങ്ങി. ആ സുഹൃത്ത് തൻെറ ജീവിത കഥ പറഞ്ഞു. ഞാനും നിന്നെപ്പോലെയായിരുന്നു. മരിക്കാൻ തന്നയാണ് ഞാനും ഈ കാട്ടിലത്തിയത്. പക്ഷേ പ്രാരാബ്ധങ്ങളിൽ നിന്ന് ഒളിച്ചോടിയതല്ല ഞാൻ. വലിയ ധനികനായിരുന്നു. തോൽവി എന്ന വാക്ക് എൻെറ ജീവീതത്തിൽ സംഭവിച്ചതേ ഇല്ലായിരുന്നു. ജീവിതത്തിലെ ആദ്യതോൽവി അതെന്നെ തളർത്തി. പിന്നെ  മരണപാതയിൽ ഞാൻ നടന്നു. ഇവിടെയെത്തിയപ്പോൾ ഞാൻ പുനർവിചിന്തനം ചെയ്തു. അതിന് എനിക്ക് കുറച്ചുദിനങ്ങൾ വേണ്ടിവന്നു. ഞാൻ തിരിച്ചുനാട്ടിലെത്തിയപ്പോൾ എൻെറ ബിസിനസ് സാമ്രാജ്യം തകർന്നു. എൻെറ കുടുംബം പെരുവഴിയിലായി. ഞാൻ ഈ കാട്ടിലേക്ക് തിരികെ വന്നു. പക്ഷേ നീ തിരികെ പോകണം സമ്പാദിക്കണം . നിൻെറ കുടുംബത്തെ സംരക്ഷിക്കണം. ഈ വാക്കുകൾ അവൻെറ മനസ്സിലെ മരണത്തിൻെറ മുഖംമൂടി അഴിച്ചുമാറ്റി. തിരിക പോകും നേരത്ത് യാത്ര പറഞ്ഞു. അവൻ നടക്കാൻ തുടങ്ങി. പെട്ടെന്നാണ് അയാളുടെ പേര് ചോദിക്കാൻ തിരിഞ്ഞുനോക്കുമ്പോൾ ഇരുളിലേക്ക് ഒരു നിഴൽ പോകുന്നു. അയാൾ ഇരുളിൽ മറഞ്ഞു. അവൻ പിന്തുടർന്നു. അതാ ചെയികൾക്കിടയിൽ അയാളുടെ രൂപം അവൻ ഉച്ചത്തിൽ വിളിച്ചു- ഹലോ ഒന്നുനിൽക്കണേ.. ഇത്രയും നിങ്ങൾ എനിക്ക് പറഞ്ഞു തന്നു. എന്നാൽ നിങ്ങളുടെ പേര് പറഞ്ഞ് തന്നുകൂടേ. ചെറിയൊരു ചിരി കേട്ടു. അവൻ ആ ഭാഗത്തേക്ക് പോയി. അവിടെ അതാ ഒരു വൃക്ഷം. സ്വർണ്ണ നിറത്തിലുള്ള ഇലകൾ, രത്നം പതിപ്പിച്ചതുപോലെയുള്ള പുഷ്പങ്ങൾ. അവൻ ഇങ്ങിനെ പറഞ്ഞു. ഹാ  എന്തൊരു ഭംഗി. അപ്പോൾ അവന് മനസ്സിലായി എന്നെ പിന്തിരിപ്പിക്കാൻ വന്നതാണ് ആ മനുഷ്യൻ അവൻ പറഞ്ഞതെല്ലാം കള്ളമായിരുന്നു. അപ്പോൾ അവൻ ഓർത്തു യഥാർത്ഥത്തിൽ ആരാണയാൾ. ഈ സംശയത്തോടെ അവൻ തിരികെ പോയി ആ ചോദ്യം ഇപ്പോഴും ചോദ്യമായിതന്നെ അവശേഷിക്കുന്നു.

ശ്രീലക്ഷ്മി ഏഴ് ഇ

# വേരുകൾ

വേരുകളില്ലാതെ ചെടികളില്ല
അവരുടെ ജീവൻ വേരിൽമാത്രം
ജീവജാലങ്ങൾക്കും വേരുകളുണ്ട്
അതവരുടെ ജീവൻതന്നെ
ജീവനില്ലാതെ കിടക്കുന്ന ചെടികളിൽ
അവരുടെ വേരുകൾ ഇല്ലാതായി
പ്രകൃതിയാം ജീവനെ ഇഞ്ചിഞ്ചായ്
കൊല്ലുന്ന ഈ ക്രൂരതയെങ്ങനെ
നാം തുടച്ചുനീക്കും
വേരുകളില്ലാതെ ചെടികളില്ല
ജീവജാലങ്ങളില്ല മനുഷ്യനില്ല
ഈ ഭൂമിയിൽ നിന്നും വേരുകളെ
പിഴുതെറിഞ്ഞാൽ പിന്നെ ജീവനില്ല
വേരുകളില്ലാതെ ചെടികളില്ല
മണ്ണില്ല മരമില്ല മനുഷ്യനില്ല
വേരിൽ നിന്നും ഉൽഭവിക്കട്ടെ
നാളെയുടെ തണലുകളായ്

ആദിനാഥ്
എട്ട് എ

# നന്മയുടെ പ്രതീകം

ദൈവത്തിന്റെ മണിമുത്തായ്
വാഴുന്ന കിടാങ്ങളെ പോകല്ലേ-
ദൈനത്തിൻ ശത്രുക്കളായ്
കടലാസിൻ വില കല്പിച്ച
മനുഷ്യവർഗത്തിൻ ആക്രമണങ്ങൾ
വിണ്ണിലെ താരകമായ് സത്യമേ
നീ വന്നബ- മുഖം തിരിച്ചീടുന്നൂ
മനുഷ്യരെല്ലാം
നന്മതൻ പാതയിൽ സഞ്ചരിക്കും
മനുഷ്യരെ പോകല്ലെ
തിന്മതൻ പാതയിലായ്...

ഷഫാ വഹ്ദ കെ പി ഏഴ് സി

# വാത്സല്യദീപം

ഐശ്വര്യദീപമായ്
വാണിറങ്ങും വിണ്ണിൽ
മുഖം തിരിച്ചോടുന്ന മനുഷ്യരെല്ലാം
നന്മതൻ കാവലായ് നിൽക്കുന്ന
മനുഷ്യരെ പോകല്ലെ തിന്മതൻ കാവലായ്
മധുരമാം ജീവിതയാത്രയിൽ ഒരു
തുള്ളി തേനായ് തുളുമ്പും വാത്സല്യം..
ദുഖത്തിൻ പാതയിൽ ഞാൻ
സഞ്ചരിക്കുമ്പോൾ താങ്ങായ് തണലായ്
അമ്മതൻ സ്നേഹവാത്സല്യം

# വായന അറിവിലേക്കുള്ള നേർവഴി

'അറിവ് നേടുക' അതാണ് വിദ്യാർത്ഥികളുടെ ലക്ഷ്യം.അറിവിലേക്കുള്ള നേർവഴിയാണ് വായന.നമ്മൾ പല പല പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നമ്മൾക്ക് പല കാര്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു. കുട്ടികളുടെ അമിതമായ കളിയിലൂടെ അറിവ് ഇല്ലാതാകുമ്പോൾ അവരെ അറിവിലേക്ക് നയിക്കുന്ന നല്ലൊരു വഴിയാണ് വായന.ഒരു വാക്യമുണ്ട്  'വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും' ഈ വാക്യത്തിലൂടെ കുഞ്ഞുണ്ണിമാഷ് ഒരുപാട് കാര്യങ്ങൾ വ്യക്തമാക്കി.മരണം വരെ നമ്മൾ വായനയിലൂടെ ഓരോരോ കാര്യങ്ങൾ പഠിക്കുന്നു.കുട്ടികളെ സംബന്ധിച്ച് വായിക്കുന്ന ഓരോരോ വാക്കുകളും അവരുടെ മനസ്സിൽ പതിയും. മരണം വരെ വായിക്കുവിൻ അറിവു നേടുവിൻ

ശിവദ അഞ്ച് ബി

-----------------------------------------------------

# നന്മയും തിന്മയും

മഴക്കാലം വന്നു.ചിന്നുവും കൂട്ടരും മഴയത്ത് കളിക്കാൻ തുടങ്ങി.അവളുടെ ചേച്ചിയായ കുഞ്ഞാറ്റ അത് നോക്കിയിരുന്നു. അവളെ ആരും വിളിച്ചില്ല.അവൾക്ക് സങ്കടമായി.അങ്ങനെ അവൾക്ക് സങ്കടമായി.അവൾ അമ്മയുടെ അടുത്ത് പോയി.

അമ്മയെ ജോലിയിലെല്ലാം സഹായിച്ചു.അപ്പോൾ അമ്മ ചിന്നുവിനോട് മുറ്റമടിക്കാൻ പറഞ്ഞു.ചിന്നു പറഞ്ഞു കുഞ്ഞാറ്റ ചെയ്യും.എനിക്ക് ആവില്ല.അത് കുഞ്ഞാറ്റ കേൾക്കുന്നുണ്ടായിരുന്നു.അമ്മയോട് കുഞ്ഞാറ്റ വന്നു പറഞ്ഞു,ഞാൻ മുറ്റമടിക്കാം അമ്മേ.അമ്മ പറഞ്ഞു,മോൾ നല്ല കുട്ടിയാണ്.മോൾ കുറച്ച് വിശ്രമിച്ചോ.വേണ്ട അമ്മേ ഞാൻ മുറ്റമടിച്ചിട്ട് കിടക്കാം.എന്നാൽ ശരി.ചിന്നു ഇതെല്ലാം കേട്ടു.കുഞ്ഞാറ്റയെ വേലക്കാരി എന്നു വിളിക്കാനും അവളുടെ മനസ്സിനെ വേദനിപ്പിക്കുന്ന വാക്കുകൾ പറയാനും കൂട്ടുകാരോട് പറഞ്ഞു.കുഞ്ഞാറ്റ മുറ്റമടിക്കുമ്പോൾ അവളോട് വേദനിപ്പിക്കുന്ന വാക്കുകൾ പറയുകയും അവളെ പരിഹസിക്കുകയും ചെയ്തു.അവൾക്ക് വിഷമമായെങ്കിലും അവളുടെ അനിയത്തിക്കും കൂട്ടുകാർക്കും ചീത്ത കേൾക്കുമെന്ന് കരുതി അമ്മയോട് പറഞ്ഞില്ല.അവൾ സങ്കടം പിടിച്ചുവെച്ചു.രാത്രിയിൽ കുഞ്ഞാറ്റ പഠിക്കുമ്പോൾ ചിന്നു വന്ന് അവളെ വെറുപ്പിക്കുകയും വേദനപ്പെടുത്തുകയും ചെയ്തു.എന്നിട്ടും അവൾ ആരോടും പറഞ്ഞില്ല.പിറ്റേന്ന് രാവിലെ ഒരു വൃദ്ധൻ ആ വഴി നടന്നു വന്നു.അയാൾക്ക് ദാഹിച്ചിട്ട് കുറച്ച് വെള്ളം കിട്ടുമോയെന്ന് നോക്കി.അപ്പോൾ അകലെ ഒരു വീട് കണ്ടു.അവിടേക്ക് പോയി.വീടിന്റെ വാതിൽ മുട്ടി.ചിന്നു വാതിൽ തുറന്നു.വൃദ്ധൻ ചോദിച്ചു.കുറച്ച് വെള്ളം തരുമോ?ചിന്നു പറഞ്ഞു ഇവിടെ വെള്ളമൊന്നും വിൽക്കുന്നില്ല.അത് കുഞ്ഞാറ്റ കേട്ടു.കുഞ്ഞാറ്റ കുറച്ച് വെള്ളം വൃദ്ധന് കൊടുത്തു.ഇരുട്ടാവാറായി.വൃദ്ധൻ പറഞ്ഞു.ഞാനിന്നിവിടെ തങ്ങിക്കോട്ടെ.കുഞ്ഞാറ്റ പറഞ്ഞു.അതിനെന്താ ഇന്നിവിടെ കിടന്നോ . ചിന്നു പുറത്തേക്ക് പോയി നോക്കി. അവിടെ ആരെയും കാണുന്നില്ല.അവിടെയുള്ളത് വൃദ്ധൻ കിടന്ന ഒരു പുതപ്പ് മാത്രം. അവൾ കുഞ്ഞാറ്റയെ ദേഷ്യത്തോടെ വിളിച്ചു. പുതപ്പെടുത്ത് മാറ്റാൻ പറഞ്ഞു. ചിന്നുവിന് അറപ്പായി . കുഞ്ഞാറ്റ അറപ്പില്ലാതെ പുതപ്പെടുത്ത് കുടഞ്ഞു. അതിൽ നിന്നൊരു നാണയം വീണു. അത് ചിന്നു കൈയ്യിലാക്കി. അറപ്പുണ്ടെങ്കിലും ചിന്നു പുതപ്പ് വാങ്ങി കുടഞ്ഞു.

ചിന്നുവിനൊന്നും കിട്ടിയില്ല. അവൾ കുഞ്ഞാറ്റയുടെ കൈയ്യിലേക്ക് കൊടുത്തു. കുഞ്ഞാറ്റ കുടയബോയെല്ലാം അതിൽ നിന്ന് നാണയങ്ങൾ വീണു. ചിന്നുവിന് മനസ്സിലായി. അവളുടെ തെറ്റ് എന്തെന്ന്.

ഗുണപാഠം- നൻമചെയ്യുന്നവർക്ക് എന്നും ഗുണമുണ്ട്.

# പഠനയത്ര ജനുവരി 11 -2018

പ്രകൃതി ധനുമാസക്കുളിരിൽ ആർദ്രമായ പുലരിയിൽ അത്തോളി ജി വി എച്ച് എസ് എസിൽ നിന്നും മലയാള വേദിയുടെ ആഭിമുഖ്യത്തിൽ പഠന യാത്ര ആരംഭിച്ചു. അമ്പത്തിനാല് വിദ്യാർത്ഥികളും ഏഴ് അധ്യാപകരും അടങ്ങുന്ന സംഘത്തിനൊപ്പം, ലൈബ്രറിയുടെ ചില്ലലമാരയിൽ ബഷീറിനു മുകുന്ദനും എസ് കെ പൊറ്റക്കാട്, മാധവിക്കുട്ടിയും കു കഥകൾക്കും കുഞ്ഞുണ്ണിമാഷിൻെറ ജീവൻ തുടിക്കുന്ന ചിത്രത്തിനും പുസ്തകം തേടി വരുന്ന കുട്ടികൾക്കും ഒരു ദിവസത്തെ അവധി നൽകി ഞാനും ചേർന്നു. ശ്രീരാം എന്ന ടൂറിസ്റ്റ ബസ്സിൽ രാവിലെ ഏഴ് മണിയോടെ സ്കൂൾ അങ്കണത്തിൽ നിന്നുസപുറപ്പെട്ടു. മഞ്ഞിൽക്കുളിച്ച് നിൽക്കുന്ന കുനിയിൽകടവ് കടന്ന് തിരുവങ്ങൂരിലൂടെ യാത്ര തുടർന്നു.

വടക്കേ മലബാറിലെ പ്രസിദ്ധമായ ലോകനാർക്കാവിലാണ് ആദ്യം ഞങ്ങൾ എത്തിയത്.കടത്തനാട്ട് രാജാക്കൻമാരുടെ പരദേവത ക്ഷേത്രമായ ഇവിടം തച്ചോളി ഒതേനൻെറ കഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. നാലുവശവും കല്ലുകൊണ്ട് കെട്ടയിറക്കിയ ഇവിടുത്തെ ക്ഷേത്രക്കുളം പ്രിസിദ്ധമാണ്. ക്ഷേത്രപരിസരത്ത് നിന്നും പ്രഭാതഭക്ഷണം കഴിഞ്ഞ് യാത്ര തുടർന്നു. വാഹനത്തിൽ അടിപൊളി ഗാനങ്ങൽക്കൊപ്പം കുട്ടികൾ ചുവട് വെച്ചു.

കോഴിക്കോട്- കണ്ണൂർ ജില്ലകൾക്ക് നടുവിലൂടെ അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന മാഹി, എം  മുകുന്ദൻെറ നോവലിലൂടെ നമ്മൾ അടുത്തറിഞ്ഞ മയ്യഴിപ്പുഴയുടെ തീരങ്ങളിലൂടെ ഫ്രഞ്ച് അധീന പ്രദേശമായ മാഹിയിലെത്തി. ഇന്ത്യയിലെ തന്നെ റോമൻ കത്തോലിക്ക ദേവാലയങ്ങളിൽ ഒന്നായ സെൻറ് തെരേസ പള്ളിയാണ് ഞങ്ങൾ പിന്നീട് സന്ദർശിച്ചത്. മയ്യഴിയുടെ ദേശീയോത്സവമാണ് ഇവിടുത്തെ പെരുന്നാൾ. വർണാഭമായ നക്ഷത്രങ്ങൾ തോരണം തൂക്കിയ ദേവാലയത്തിന് മുന്നിൽ മെഴുകുതിരികൾ എരിയുന്നുണ്ടായിരുന്നു. വിശുദ്ധമായ തിരുരൂപത്തിന് മുന്നിൽ പ്രർത്ഥനകളോടെ ഞങ്ങൾ നിന്നു. ഉണ്ണിയേശുവിൻെറ പുൽത്തൊട്ടിലും യേശുവിൻെറ ക്രൂശിതരൂപവും അവിടെ ഒരുക്കിയിട്ടുണ്ടായിരുന്നു. വ്യത്യസ്തമായ ഒരു നേർച്ചപ്പെട്ടി അവിടെ കണ്ടു. നേർച്ച, അപേക്ഷ, കൃതജ്ഞത എന്നിങ്ങനെ തരം

തിരിച്ച ഒരു നേർച്ചപ്പെട്ടിയായിരുന്നു അത്.

മയ്യഴിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന 1993-ൽ സ്ഥാപിച്ച മലയാള കലാഗ്രാമം ഞങ്ങൾകണ്ടു. എം വി ദേവൻ ഉൾപ്പെടെ പ്രസിദ്ധരായ ചിത്രകാരന്മാരുടെ സൃഷ്ടികൾ അവിടെ പ്രദർശനത്തിന് ഒരുക്കിയിരുന്നു. ചുവർചിത്ര രചനകൾ , കുമാരനാശാൻെറ പബർണ്ണകായ പ്രതിമ എന്നിവ കണ്ടുനടക്കവെ ദേവദർശിന് ചെറിയൊരു പരിക്ക് പറ്റി. മൂന്ന് വയസ്സുകാരന്സസ്ഥലപരിമിതിയില്ലാത്ത കളിസ്ഥലം കിട്ടിയതിൻെറ സന്തോഷമായിരുന്നു. എം.വി ദേവനോടോ കുമാരനാശാനോട ചുവർ ചിത്രം എഴുതുന്നവരോടോ യാതൊരു പരാതിയുമില്ലാതെ വേദന മറന്ന് അവൻ വീണ്ടും ഓടിത്തുടങ്ങി.

**ഹെർമൻ ഗുണ്ടർട്ട്**

"മലകളിലെല്ലാം പച്ചപ്പ്.വരണ്ട കർണ്ണാട്ടിക്ക് ദേശം. കടന്നുവരുന്നവന് ഈ നാട് ദൈവത്തിന്റ തോട്ടമാണ്."കേരളത്തെ പറ്റി പത്തൊൻപതാം നൂറ്റാണ്ടിൽ ഈ വാക്കുകൾ പറഞ്ഞ ജർമനിക്കാരനാണ് ഹെർമൻ ഗുണ്ടർട്ട്.20 വർഷം ഇവിടെ താമസിച്ച അദ്ദേഹം മലയാള വ്യാകരണവും ബൈബിൾ വിവർത്തനവും നടത്തി.പഴഞ്ചൊല്ല സമാഹരിച്ചു.മലയാള ഇംഗ്ലീഷ് നിഘണ്ടുരചനയാണ് ഇദ്ദേഹത്തിന്റെ പ്രധാന സംഭാവന.മതപ്രചാരണത്തിനു വന്ന് മലയാളപ്രചാരകനായി മാറുകയായിരുന്നു അദ്ദേഹം.ഇല്ലിക്കുന്നിലെ ഗുണ്ടർട്ട് ബംഗ്ലാവ് പുനർനിർമാണം നടക്കുന്നതിനാൽ സന്ദർശനം അനുവദിച്ചില്ല.N.T.T.I (National technical training institute)എന്ന സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നു.

**അറയ്ക്കൽ മ്യൂസിയം**

കേരള സംസ്ഥാന വിനോദസഞ്ചാരവകുപ്പിൻെറ ധനസമാഹാരണാർത്ഥം സംസ്ഥാന പൂരാവസ്തുവകുപ്പാണ് അറയ്ക്കൽ മ്യൂസിയം നടത്തുന്നത്.രാജകുടുംബത്തിൻെറ കൈവശം ഉണ്ടായിരുന്ന പൈതൃകവസ്തുക്കളാണ് ഇവിടെ പ്രദരശിപ്പിച്ചിരിക്കുന്നത്. അറയ്ക്കൽക്കെട്ടിലെ

പഴയ ദർബാർ ആണ് മ്യൂസിയമായി പ്രവർത്തിക്കുന്നത്. പത്തേമാരികളിലും പയ്ക്കപ്പലിലുമായി പണ്ടുകാലം മുതൽ സുഗന്ധദ്രവ്യങ്ങൾ തേടി മലയാളത്തിലെത്തിയ പരദേശികൾ മാത്രമല്ല പഠിക്കാനും കാണാനും എത്തിയ സഞ്ചാരികളും എഴുത്തുകാരും പ്രകീർത്തനങ്ങൾ ചൊരിഞ്ഞ ആലി രാജാവും അറയ്ക്കൽ ബീവിയുടമെല്ലാം ഒരു സുവർണ്ണകാലത്തിന്റെ ഓർമകളായി നിലനിൽക്കുന്നു. അവസാനം ഇന്ത്യ ഇംഗ്ലീഷുകാർക്ക് കീഴിൽ ആയതോടെ അറയ്ക്കലിന്റെ പ്രതാപവും അവസാനിച്ചു. കാലത്തിന്റെ നാൽക്കവലയിൽ ചരിത്രത്തിന്റെ ഒരായിരം കഥ പറയുന്ന മുത്തുമുത്തശ്ശി അറയ്ക്കൽക്കൊട്ടാരം , അത് അയവിറയ്ക്കുന്നത് കേരളത്തിന്റെയും ഇന്ത്യയുടെയു ഗതകാലസ്മരണകൾ ആണ്. ഉച്ചസൂര്യൻ കത്തിനിൽക്കവെ വിശപ്പ് ഉച്ചസ്ഥായിലായി. അടുത്ത സന്ദർശക കേന്ദ്രമായ കണ്ണൂർക്കോട്ടയിലേക്കായി ഞങ്ങളുടെ യാത്ര.

വാഹനത്തിൽകേട്ട പാട്ടുപോലെ കുലുക്കിതക്കത്ത... വണ്ടിയുടെ ഗതിയിലും പ്രകടമാവുന്നതായി സജീവൻ സർ പറഞ്ഞു.

**കണ്ണൂർക്കോട്ട \ സെയ്ൻറ് ആൻറണീസ് കോട്ട**

കണ്ണൂർ നഗരത്തിൽനിന്നും കുറച്ചകലെയായി സ്ഥിതിചെയ്യുന്ന പെരുങ്കോട്ടയാണ് കണ്ണൂർക്കോട്ട. ഇതിന് അഞ്ഞൂറ് വർഷം ചരിത്രത്തിൽ ഒട്ടേറെ ക്രൂരതകൾ എഴുതിച്ചർത്തതാണ് ഈ കോട്ടയിലെലപരമ്പര്യം. അറബിക്കടലിന് അഭിമുപഖമയി ത്രികോനീകൃതയിലാണ് ഈ കോട്ട സ്ഥിതിചെയ്യുന്നത്. വിശാലമായ കണ്ണൂർക്കോട്ടയിൽ വെച്ച് വാഹനത്തിൽ ഏർപ്പാടാക്കിയ രുചികരമായ കോഴി ബരിയാണി കഴിച്ചു. സംഘവം വീണ്ടും ഉഷാറായി. കോട്ടയുടെ സരക്ഷച്ചുമതലയുള്ള ഉദ്യോഗസ്ഥൻ കോട്ടയെപ്പറ്റി കുട്ടികൾക്ക് വിവരിച്ചുകൊടുത്തു. ആയിരം പട്ടാളക്കാർക്ക് താസിക്കാനുള്ള സൗകര്യം പന്ത്രണ്ട് പീരങ്കിത്താവളങ്ങൾ തൂക്കുമരങ്ങൾ ഒപ്പം ജയിലും പള്ളിയും ചേർന്ന വിശീലമായ കോട്ടയാണിത്. കോട്ട എന്ന വാക്കനർത്ഥം സൈനികാവശ്യത്തിനോ കച്ചവട ആവശ്യത്തിനോ നാലുവശവുമ ചുറ്റുമതിലോട് കൂടിയ സംരക്ഷണമേഖല എന്നാണ്. പോർച്ചുഗീസുകാർ നിർമിച്ച ഇതിന്റെ നിർമാണം കോലത്തിരിയുടെ കാലത്ത് ഡി അൽമേഡയുടെ നേതൃത്വത്തിലാണ് നടന്നത്.

സിമൻറിന്റെ അഭാവത്തിൽ ശർക്കരയും കുമ്മായവും മുട്ടയും മററും ചേർത്ത സുർക്കി മിശ്രിതം കൊണ്ടാണ് ചെങ്കല്ലുകൾ പടുത്തുയർത്തിയിരിക്കുന്നത്. വലിയകോട്ട വാതിലിൽ കാണപ്പെട്ട ഇരുമ്പുകളുടെ ആവശ്യകത കലാൾപ്പടയിൽ

എത്തുന്ന ആനകളുടെ ആക്രമണത്തിൽനിന്ന് രക്ഷനേടാനായിരുന്നു. പിന്നീട് കോട്ട ഡച്ചുകാരുടെ കൈയ്യിലായിരുന്നു. 1790-ബ്രിട്ടീഷുകർ കണ്ണൂർകോട്ട കീഴടക്കി. ഇംഗ്ലീഷിുകാർ കോട്ട പുനർനിർമിക്കുകയുണ്ടായി.

ഞങ്ങൾ മടക്ക യാത്ര ആരംഭിച്ചു. വയർ നിറഞ്ഞതിൻെറ ആലസ്യത്തിൽ വാഹനത്തിൽ ഇരിക്കുമ്പോൾ അധ്യാപികമാരുടെ ചർച്ച പാചകവിധികളെക്കുറിച്ചായിരുന്നു. ഇതികൊണ്ട് വല്ലതും ആവുമോ എന്ന സജീവൻ സാറിൻെറ കമൻറ് ചിരി പടർത്തി. മലായളസംഘത്തിൽപ്പെട്ടുപോയ ഹിന്ദി അധ്യാപകനായ കൃഷ്ണൻ മാഷിന് റഫീക്ക് സർ തുണയായിരുന്നു.

ചിറയ്ക്കൽ മ്യൂസിയം

കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ഫോക്‌ലോർ മ്യൂസിയമാണ് അടുത്തതായി ഞങ്ങൾ സന്ദർശിച്ചത്. തെയ്യങ്ങളുടെ കെട്ടിയുണ്ടാക്കിയ രൂപങ്ങൾ ഇരുണ്ടമുറികളിൽ ചുവന്ന പട്ടു ഞൊറിഞ്ഞുടുത്ത രൂപങ്ങൾ ഒരു ദൈവിക പരവേഷം നല്കുന്നതായിരുന്നു. ദേവദർശിൻെറ ഇഷ്ടരൂപമായ പറശ്ശിനി മുത്തപ്പനെ കണ്ടപ്പോൾ അവൻ അമ്പരന്നു. തൊഴുകൈയ്യുമായി അൽപനേരം നിന്നു. കളിമൺ രൂപങ്ങൾ, പുരാതന ഗൃഹോപകരണങ്ങൾ പള്ളി വാളുകൾ പറയിപ്പെറ്റ പന്തിരുകലത്തിൻെറ ചുമർ പ്രതിമകൾ എന്നിങ്ങനെ നയാനാഭിരാമമായ കാഴ്ചകൾ കൊണ്ട് സമൃദ്ധമായിരുന്ന അവിടം. സായാഹ്നസൂര്യൻെറ ചുവന്ന കിരണങ്ങൾ പ്രതിഫലിക്കുന്ന ചിറയ്ക്കരികിലൂടെ ഞങ്ങൾ വാഹനത്തിന് അരികിലേക്ക് നടന്നു. സന്ദരശന സമയ പത്തുമുതൽ ആറുവരെയായിരുന്നതിനാൽ സർഗാലയ കരകൗശലഗ്രാമം കണാനുള്ള ആഗ്രഹ സഫലമായില്ല.

മാഞ്ഞുപോകുന്ന അസ്തമയ സൂര്യനെ സാക്ഷിയാക്കി തിക്കോടി ആവിക്കൽ ബീച്ചിൽ അൽപനേരം ചെലവഴിച്ചു. സങ്കടങ്ങൾ ചേക്കേറുന്ന ജ്രീത യാത്രയിൽ വീണ്ടുകിട്ടിയ സന്തോഷത്തിൻെറ മുത്തുകളായി ഞാനും ശിവനന്ദനയും ദേവദർശും ഈ യാത്ര ആസ്വദിച്ചു. മനസ്സിൻെറ മണിച്ചെപ്പിൽ സൂക്ഷിക്കാൻ മധുരതരമായ ഇനിയൊരു യാത്രക്കുള്ള കാത്തിരിപ്പുമായി രാത്ര ഏഴരക്ക് കൊയിലാണ്ടിയിലെത്തി വീട്ടിലേക്ക് തിരിച്ചു.

ലിജി -ലൈബ്രേറിയൻ

----------------------------------------------------

# പാട്ട്

മലരണി മാമര കാടും മേടും
കാട്ടരുവികളുമാർന്ന കേരളം.
എന്റെ കേരളം,
കളകളമാർന്നൊരു കാട്ടരുവി തൻ
സംഗീതമെന്തൊരു ഭംഗി,
നിന്റെ സംഗീതമെന്തൊരു ഭംഗി.
പച്ചയിൽ കുളിച്ചു നിൽക്കുമെന്റെ കേരളം,
പല ഭാഷകൾ പല മതസ്ഥർ തൻ കേരളം.

- BY SIVATHA
5.B

# അറിവിലേക്കുള്ള സ്നേഹവഴി -വായന.

കുഞ്ഞുകുഞ്ഞു വായനകൾ അറിവിലേക്കുള്ള വഴിയാണ്.പല കവികളുടെ പുസ്തകങ്ങൾ വായിച്ച് നമ്മെ മുന്നോട്ടു നയിക്കാം.പല കടങ്കഥകളിലൂടെയും അത് മനസ്സിലാക്കാം.വായന നമുക്ക പല അറിവുകളും തരുന്നു.

ലൈബ്രറികൾ അത് അറിവിന്റെ ലോകത്തേക്ക് നമ്മെ നയിക്കുന്നു.നിങ്ങൾ ശസ്ത്രപുസ്തകങ്ങളും കടങ്കഥകളും പഴഞ്ചൊല്ലുകളും വായിക്കാറില്ലേ?ഇത്തരം പുസ്തകങ്ങൾ വായിക്കുന്നതിലൂടെ ധാരാളം അറിവു കൈവരും.നിങ്ങളുടെ സ്കൂളിൽ പുസ്തകങ്ങൾ ഇല്ലേ?അത്തരം പുസ്തകങ്ങൾ വായിച്ച് അറിവുള്ളവരാകു.നിങ്ങൾ ഈ വാക്യം കേട്ടിട്ടില്ലേ-"വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും."നമുക്ക് വായനയിലൂടെ വളരാം.

BY-DEVAPRIYA J.R 5-B.

# ജി വി എച്ച് എസ് എസ് അത്തോളി
# സ്കൂൾ ലൈബ്രറി പ്രവർത്തന രേഖ (2018-19)

വായന ഒരു അവബോധമാണ്. അവനവനിലേക്കും ലോകത്തിലേക്കുമുള്ള ഒരു സഞ്ചാരം. ഒരോ പുസ്തകവായനയ്ക്കും അവസാനത്തിൽ മനസ്സിലെ ഉള്ളടക്കങ്ങൾ നിരന്തരം പുനർനിർമിക്കാൻ നമ്മൾ നിർബന്ധിതരാകുന്നു. അക്ഷരങ്ങളെ അക്ഷരങ്ങളിലേക്ക് കോർത്തുവെച്ച് നാം പുതുപുതുലോകങ്ങളെ സൃഷ്ടിക്കുകയും ദർശിക്കുകയും ചെയ്യുന്നു. അഹംബോധത്തിൻെറ കൂറ്റൻ പർവതങ്ങളെ സ്വയം തകർത്തു കളയുന്നു. വായനയിലെ സാംസ്കാരിക വിനിമയത്താൽ ഓരോരുത്തരും വീണ്ടും ശുദ്ധീകരിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. വായനക്ക് അവസാനങ്ങളില്ല, ആരംഭവും. അതൊരു തുടർച്ചയാകുന്നു. അനന്തമായ കാലത്തിലൂടെ ഒഴുകുന്ന പ്രപഞ്ചത്തിൻെറ,മനുഷ്യാനുഭവങ്ങളുടെ..ഓർമ്മകളുടെ....അതിജീവനത്തിൻെറ... പോരാട്ടങ്ങളുടെ തുടർച്ച.

വിദ്യാഭ്യാസമെന്നത് കേവലമായ അക്ഷരബോധമല്ലെന്ന മഹത്തായ ആശയമാണ് കോഴിക്കോട് ജില്ലയിലെ അത്തോളി ഗവ.വൊക്കേഷണൽ ഹയർസെക്കൻെറി സ്കൂളിലെ ലൈബ്രറി പ്രസ്ഥാനത്തിന് അടിത്തറയായത്. വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയും പാഠപുസ്തകങ്ങളുടെ പുറചട്ടകൾ പൊട്ടിച്ചറിഞ്ഞ് അറിവനുഭവങ്ങളുടെ അതിരുകളില്ലാത്ത ലോകത്തിലേക്ക് പറന്നുയരണം. സ്വയം നിർണയിക്കപ്പെടാനുള്ള ആത്മശക്തിയിലേക്ക് അവർ വളർന്നുകൊണ്ടേയിരിക്കണം. ഈ ലക്ഷ്യത്തിലേക്ക് ഓരോ വിദ്യാർത്ഥിയെയും സാധ്യമാക്കി തീർക്കണമെങ്കിൽ അഭിരുചികൾക്കുതകുന്ന പുസ്തകങ്ങൾ അവൻെറ മുന്നിൽ തുറന്നുവെക്കാൻ നമുക്ക് കഴിയണം. അതുകൊണ്ട് തന്നെ സാമ്പ്രദായിക സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനത്തിലും ഏകോപനത്തിലും പൊളിച്ചെഴുത്തുകൾ അനിവാര്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കി.

പുസ്തകങ്ങളെ തേടിയെത്താൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതരത്തിൽ സ്കൂളിൽ ലൈബ്രറിക്ക് കൃത്യമായ ഒരിടമുണ്ടാക്കുന്ന പ്രവർത്തനമായിരുന്നു ആദ്യത്തേത്. സ്കൂൾ ഓഫീസിനടുത്ത് തന്നെയായി ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ വിശാലമായ മുറിയും പുസ്തകങ്ങൾ ക്രമീകരിച്ച് സൂക്ഷിക്കാനുതകുന്ന

ഷെൽഫുകളും ഒരുക്കാനായതോടെ താൽപര്യത്തോടെ പുസ്തകങ്ങൾ തേടിയെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം വർധിച്ചു. ലൈബ്രറിക്കുള്ളിൽ തന്നെ വായനാഹാൾ ക്രമീകരിക്കാനയതും നിർണായകമായി. അവിടെ പത്രങ്ങളും ആനുകാലികങ്ങളും വായിക്കാനെത്തുന്നവരുടെ സാന്നിധ്യം ലൈബ്രറിയെ സജീവമാക്കി.

## ലൈബ്രറി പ്രവർത്തനം

പ്രധാനാധ്യാപകന് കീഴിൽ ടീച്ചേഴ്സ് ലൈബ്രേറിയനാണ് ലൈബ്രറി നടത്തിപ്പിന്റെ ചുമതല. ഇതിന് പുറമെ സ്കൂൾ പി ടി എയുടെ സഹായത്തോടെ നിയമിച്ച ഒരു ലൈബ്രറി അസിസ്റ്റന്റിന്റെ മുഴുവൻ സമയസേവനവും ലഭ്യമാണ്. പുസ്തകത്തിനായും റഫറൻസിനായും ലൈബ്രറിയിലേക്കെത്തുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഏതുസമയത്തും ലൈബ്രറി സേവനം ലഭിക്കണമെന്ന നിർബന്ധബുദ്ധി തന്നെയാണ് ഇതിന് പിന്നിലുള്ളത്.

ഓരോ വിഷയങ്ങൾക്കുമുള്ള റഫറൻസ്, കഥ, കവിത, നോവൽ , ലേഖനം, നാടകം എന്നിങ്ങനെ വേർതിരിച്ച് കൃത്യമായ നമ്പറിട്ടാണ് പുസ്തകങ്ങൾ ഷെൽഫുകളിൽ ക്രമീകരിച്ചിട്ടുള്ളത്. കണ്ണാടി ഷെൽഫുകളിൽ നിന്ന് പുസ്തകങ്ങൾ പേര് വായിച്ച് കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ ഇതുവഴി സാധിക്കും.

സ്കൂളിൽ പ്രവേശനം നേടുന്നതോടെ ഓരോ വിദ്യാർത്ഥിയും സ്കൂൾ ലൈബ്രറിയിലും അംഗമാകും. ക്ലാസ് തിരിച്ച് ഓരോ വിദ്യാർത്ഥിക്കും അംഗത്വകാർഡുകളും അധ്യയനവർഷത്തിന്റെ തുടക്കത്തിൽ തന്നെ ലഭ്യമാക്കും. ഈ കാർഡുകൾ ലൈബ്രറിയിൽ തന്നെയാണ് സൂക്ഷിക്കുക. പുസ്തകം വായിക്കാനെടുക്കുമ്പോഴും തിരിച്ചേൽപ്പിക്കുമ്പോഴും ഈ കാർഡിൽ പുസ്തകവിവരങ്ങളും തിയ്യതിയും രേഖപ്പെടുത്തിയിരിക്കും. ഒരാഴ്ചയാണ് പുസ്തകം വിദ്യാർത്ഥികൾക്ക് വായിച്ച് തിരിച്ചേൽപ്പിക്കാനുള്ള സമയം. അധികസമയം ആവശ്യമാണെങ്കിൽ പുസ്തകം ലൈബ്രറിയിൽ കൊണ്ടുവന്ന് തിയ്യതി പുതുക്കേണ്ടതാണ്. പുസ്തകങ്ങളുടെ കാറ്റ്ലോഗ്, സ്റ്റോക്ക് രജിസ്റ്റർ, ഇഷ്യു രജിസ്റ്റർ എന്നിവയും കൃത്യമായി പരിപാലിക്കുന്നുണ്ട്.

ലൈബ്രറിയിൽ വായനാമേശയും കസേരയും ഒരുക്കിയിട്ടുണ്ട്. ഇവിടെ മലയാളം, ഇംഗ്ലീഷ് ഭാഷകളിലായുള്ള പ്രമുഖ പത്രങ്ങളും ആനുകാലികങ്ങളും ലഭിക്കും. ലൈബ്രറി ഹാളിന് പുറത്തേക്ക് ഇതുകൊണ്ടുപോകാൻ പാടില്ലെന്നും

നിബന്ധനയുണ്ട്. ലൈബ്രറി ചുമരിൽ മലയാളത്തിലെ പ്രമുഖ സാഹിത്യകാരന്മാരുടെ ചിത്രങ്ങളും മഹത് വചനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ വിവിധ വിഷയങ്ങളിലായി മുപ്പതിനായിരത്തിലധികം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ ലഭ്യമാണ്.



## ലൈബ്രറി പതിപ്പുകൾ

മലയാള വേദി , വായനാസമിതി എന്നിവ ലൈബ്രറിക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ ക്ലാസിലെയും വായനയിലും സാഹിത്യത്തിലും താൽപര്യമുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് ഇത് രൂപീകരിക്കുന്നത്. ലൈബ്രറി നേതൃത്വത്തിൽ എല്ലാ അധ്യയനവർഷത്തിലും പുറത്തിറക്കുന്ന പ്രത്യേക പതിപ്പുകളുടെ പ്രവർത്തനത്തിൽ ഈ സമിതികൾക്ക് പങ്കാളിത്തമുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പുറത്തിറക്കിയ വൈക്കം മുഹമ്മദ് ബഷീർ പതിപ്പ്, എ പി ജെ അബ്ദുൽകലാം പതിപ്പ് , പരിസ്ഥിതി പതിപ്പ് എന്നിവ ഏറെ ശ്രദ്ധേയമായരുന്നു. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ഓരോ ക്ലാസിൽ നിന്നും ഒന്നോ രണ്ടോ ചാർട്ടുകളിൽ കുട്ടികൾതന്നെ തയ്യാറാക്കുന്ന പേജുകൾ ഒന്നിച്ച്

ബൈൻറ് ചെയ്താണ് പതിപ്പ് നിർമാണം നടത്തുന്നത്. ഏറ്റവും മികച്ച പേജ് തയ്യാറാക്കുന്ന ക്ലാസുകൾക്ക് ലൈബ്രറിയുടെ വക സമ്മാനവും നൽകാറുണ്ട്. ഓരോ ക്ലാസിലെയും പതിപ്പ് നിർമാണത്തിൻെറ ചുമതല അതാത് ക്ലാസിൽ നേരത്തെ രൂപീകരിച്ചിട്ടുള്ള ഏഴംഗ എഡിറ്റോറിയൽ ബോർഡിനായിരിക്കും. ഇതിന് പുറമെ  പഠനപ്രവർത്തനത്തിൻെറ ഭാഗമായി ഓരോ ക്ലാസിലെ കുട്ടികളും നിർമിക്കുന്ന സെമിനാർ പേപ്പറുകൾ, ആൽബങ്ങൾ എന്നിവയും ബൈൻറ് ചെയ്ത് ലൈബ്രറിയിൽ റഫറൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

## ക്ലാസ് പത്രങ്ങൾ




ലൈബ്രറിക്ക് കീഴിൽ എല്ലാ മാസവും ക്ലാസ് പത്രങ്ങളുടെ നിർമാണവും

മത്സരവും നടത്തിവരുന്നുണ്ട്. ഓരോ ക്ലാസിലെയും വിദ്യാർത്ഥികളുടെ എഡിറ്റോറിയൽ ബോർഡിനാണ് ഇതിൻെറ ചുമതല. ചാർട്ട് പേപ്പറിൽ സ്കൂൾ വാർത്തകൾ ഉൾപ്പെടുത്തികൊണ്ടുള്ള ക്ലാസ് പത്രങ്ങൾ നേരത്തെ അറിയിച്ചിട്ടുള്ള തീയതിക്കകം തയ്യാറാക്കി ലൈബ്രേറിയനെ ഏൽപ്പിക്കണം. ഈ പത്രങ്ങൾ ലൈബ്രറിക്ക് മുന്നിൽ പ്രദർശിപ്പിക്കും. അധ്യാപകരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റി ഓരോ പത്രവും അതിൻെറ ലേഔട്ട്, വാർത്തകളുടെ ഉള്ളടക്കം എന്നിവ വിലയിരുത്തി യു. പി , ഹൈസ്കൂൾ വിഭാഗങ്ങളിലായി വേർതിരിച്ച് ആദ്യമൂന്ന് സ്ഥാനക്കാരെ കണ്ടെത്തുകയാണ് പതിവ്. വളരെ ആവേശത്തോടെയുള്ള ആരോഗ്യകരമായ മത്സരമാണ് ഈ വിഭാഗത്തിൽ നടക്കാറ്.

## വാർത്താവായന

ലൈബ്രറിയുടെ നേതൃത്വത്തിൽ എല്ലാദിവസവും വാർത്താപ്രക്ഷേപണം നടത്താറുണ്ട്. ക്ലാസ് അധ്യാപകരുടെ സഹകരണത്തോടെ വാർത്താവായനയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അഞ്ച് സംഘങ്ങളായി തിരിച്ച് ഓരോ സംഘത്തിനും ഓരോ ദിവസത്തെ ചുമതല നൽകുകയാണ് ചെയ്യാറ് . ഓരോ ദിവസവും അവതരണം നടത്തേണ്ട വിദ്യാർത്ഥികൾ രാവിലെ ക്ലാസ് തുടങ്ങുന്നതിന് മുമ്പായി ലൈബ്രറിയിലെത്തി വിവിധ പത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ തയ്യാറാക്കി ഒപ്പം സ്കൂൾ വാർത്തകളും ചേർത്ത് ഉച്ചഭക്ഷണത്തിന് ശേഷം ഒന്നരമണിയോടെ സ്കൂൾ അനൗൺസ്മെൻറ് മൈക്കിലൂടെയാണ് വാർത്ത അവതരിപ്പിക്കുന്നത്. വാർത്ത അവതരിപ്പിക്കുന്നതിന് ചുമതലപ്പെട്ട അധ്യാപകർ വാർത്തകൾ പരിശോധിക്കും. ഉച്ചക്ക് ശേഷം ക്ലാസിൽ പിയർ ഗ്രൂപ്പ് പഠനത്തിനെത്തുന്ന കുട്ടികൾക്ക് ഈ വാർത്ത സൗകര്യപൂർവം ശ്രവിക്കാൻ സാധിക്കും.

## ഗൃഹലൈബ്രറി പുരസ്കാരം

സ്കൂൾ ലൈബ്രറി നേതൃത്വത്തിൽ എല്ലാവർഷവും ഗൃഹലൈബ്രറി പുരസ്കാരം നൽകിവരുന്നുണ്ട്. നിശ്ചിത സമയത്ത് ലൈബ്രറിയിൽ നിന്ന് വിതരണം ചെയ്യുന്ന ഫോറം വഴിയാണ് ഇതിന് അപേക്ഷ നൽകേണ്ടത്. അപേക്ഷ ലഭിച്ച വിദ്യാർത്ഥികളുടെ വീടുകളിലെ ലൈബ്രറി സ്കൂളിലെ അധ്യാപക സംഘം

സന്ദർശിക്കുകയും പുസ്തകങ്ങളുടെ എണ്ണം , അവയുടെ സജ്ജീകരണം എന്നിവ പരിശോധിച്ച് സമ്മാനർഹരെ കണ്ടെത്തുന്നു. സ്കൂളിൽ നടക്കുന്ന പൊതുചടങ്ങിൽ വെച്ചായിരിക്കും സമ്മാന വിതരണം നടത്തുക.

## ലൈബ്രറിയിലേക്കുള്ള പുസ്തകശേഖരണവും തെരഞ്ഞെടുപ്പും

വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് പുസ്തകം വാങ്ങുന്നതിന് പുറമെ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ, വിവിധ സ്ഥാപനങ്ങൾ, പൂർവവിദ്യാർത്ഥികൾ, പൂർവഅധ്യാപകർ എന്നിവരുടെ സഹകരണത്തോടെ ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്കങ്ങൾ ശേഖരിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ജന്മദിനത്തിൽ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകു എന്ന നിർദേശം കുട്ടികൾ ആവേശത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

ഓരോ വർഷവും ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് മുമ്പ് വിവിധ സബ്ജറ്റ് കൗൺസിൽ ചേരുകയും അവർ നൽകുന്ന നിർദേശങ്ങൾ കൂടി പരിഗണിച്ച് പുസ്തകങ്ങൾ വാങ്ങുകയും ചെയ്യുന്ന രീതിയാണുള്ളത്. ഇതുവഴി ഓരോ വിഷയത്തിനും ആവശ്യമുള്ള റഫറൻസ് പുസ്തകങ്ങളും അനുബന്ധ പുസ്തകങ്ങളും ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

## സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം

വടകര വിദ്യാഭ്യാസ ജില്ലയിലെ സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപന നിർദേശം ഏറെ ആവേശത്തോടെയാണ് അത്തോളി ഗവ. ഹയർ സെക്കൻററി സ്കൂൾ ഏറ്റെടുത്തത്. ഏതാണ്ട് പന്ത്രണ്ട് വർഷം മുമ്പ് തന്നെ ക്ലാസ് ലൈബ്രറി എന്ന സങ്കൽപ്പം യാതാർത്ഥ്യമാക്കിയ സ്കൂളാണ് ഞങ്ങളുടെ സ്കൂൾ. അത്തോളി സ്കൂളിലെ ലൈബ്രറി പ്രസ്ഥാനത്തിന് അടിത്തറപാകിയ ഗിരിജകുമാരി ടീച്ചറുടെ ദീർഘവീക്ഷമായിരുന്നു ഇതിന് പിന്നിൽ. പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ യു.പി, ഹൈസ്കൂൾ വിഭാഗത്തിൽ ക്ലാസ് ലൈബ്രറി നടപ്പാക്കാൻ ടീച്ചർക്ക് കഴിഞ്ഞു. എന്നാൽ കാലക്രമത്തിൽ ഇതിന് സ്വാഭാവികമായ മുരടിപ്പ് നേരിട്ടു. എന്നാൽ വടകര ഡി ഇ ഒ ശ്രീ ശ്രീജിത്ത് സാറിൻെറ നിർദേശം വന്നതോടെ ക്ലാസ് ലൈബ്രറി ദീർഘകാല

പ്രവർത്തനത്തിന് അനുയോജ്യമായ രീതിയിൽ ഒരുക്കുക എന്നത് സ്കൂൾ ഒരു വെല്ലുവിളിയായി ഏറ്റെടുത്തു.

കോഴിക്കോട് ജില്ലാപഞ്ചായത്ത്, അത്തോളി ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ , പൊതു പ്രവർത്തകർ, പൂർവഅധ്യാപകർ, പൂർവ വിദ്യാർത്ഥികൾ , അധ്യാപകർ, പൊതുസ്ഥാപനങ്ങൾ, രക്ഷിതാക്കൾ, നാട്ടുകാർ എന്നിങ്ങനെ സമൂഹത്തിൻെറ നനാതുറകളിലുള്ളവരെ വിളിച്ച് ചേർത്ത് സ്കൂൾ പി ടി എ നേതൃത്വത്തിൽ സ്വാഗതസംഘം രൂപീകരിക്കുകയും വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുകയുമാണ് ചെയ്തത്. സമ്പൂർണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം നാടറിയുന്ന ഒരു സാംസ്കാരിക പരിപാടിയായി നടത്തണമെന്ന നിർദ്ദേശമാണ് സ്വാഗത സംഘയോഗത്തിൽ ഉയർന്നത്. ഇതിൻെറ ഭാഗമായി സ്കൂൾ സമയം കഴിഞ്ഞ് നാലുമണിക്ക് ശേഷം മൂന്ന് ദിവസങ്ങളിലായി ക്ലാസ് ലൈബ്രറി പ്രഖ്യാപനം നടത്താൻ പദ്ധതി തയ്യാറാക്കി. ഓരോ ക്ലാസിലും ഇതിനായി പി ടി എ യോഗം ചേർന്ന് ക്ലാസ് ലൈബ്രറി കമ്മിറ്റികൾ രൂപീകരിച്ചു. ഭൂരിഭാഗം ക്ലാസുകളിലും ക്ലാസ് ലൈബ്രറിക്കാവശ്യമായ സൗകര്യങ്ങളും പുസ്തകങ്ങളും ഒരുക്കിത്തരാൻ സാമ്പത്തിക സഹകരണം വാഗ്ദാനം ചെയ്ത് രക്ഷിതാക്കൾ ഒപ്പം നിന്നു. കൂടെ നാടൊന്നാകെ കൂട്ടുചേർന്നതോടെ സ്കൂളിലെ 44 ക്ലാസുകളിലേക്കും ലൈബ്രറി ഷെൽഫെന്ന സ്വപ്നം യാതാർത്ഥ്യത്തിലേക്ക് എത്തി. ഇതിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നതിൻെറ ഭാഗമായി സ്വാഗതസംഘം കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ മികച്ച പ്രസാധകരുടെ പുസ്തകമേള മൂന്ന് ദിവസങ്ങളിലായി നടത്തി. സാംസ്കാരിക സായാഹ്നത്തിൻെറ ഭാഗമായി കവിയരങ്ങ്, കളരിപ്പയറ്റ്, കവിതദൃശ്യാവിഷ്കാരം, സ്കൂൾ മ്യൂസിക് ടാലൻറ് ലാബ് വിദ്യാർത്ഥികളുടെ സംഗീത പരിപാടി എന്നിവയും സംഘടിപ്പിച്ചു. സമാപനദിനം പ്രൌഢമായ ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡൻറ് , അത്തോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ചിറ്റൂർ രവീന്ദ്രൻ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മലയാളത്തിൻെറ പ്രിയസാഹിത്യകാരൻ **ശ്രീ കെ പി രാമനുണ്ണി** തിങ്ങിനിറഞ്ഞ സദസ്സിനെ സാക്ഷി നിർത്തി അത്തോളി ഗവ. ഹയർസെക്കൻററി സ്കൂളിലെ സമ്പൂർണ്ണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം നടത്തി.




അക്ഷരങ്ങൾ അഗ്നിശരങ്ങളാണെന്നും അവ എയ്തുവീഴ്ത്തുന്നത് സത്യത്തെയാണെന്നും ഭാവിതലമുറയ്ക്ക് കൈമാറേണ്ട നന്മയുടെ വെളിച്ചം അണയില്ലെന്നുമുള്ള നേരടയാളമായാണ് നാട് ആ പ്രഖ്യാപനത്തെ നെഞ്ചേറ്റിയത്.





**ക്ലാസ് ലൈബ്രറി ഷെൽഫ് വിതരണം- ബഹു. പഞ്ചായത്ത് പ്രസിഡണ്ട്**

## ഭാവിപരിപാടികൾ

നവസാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിനനുസരിച്ച് വിദ്യാഭ്യാസത്തിൻെറ രീതി മാറിക്കൊണ്ടിരിക്കെ ഡിജിറ്റൽലൈബ്രറി സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതികളാണ് ഞങ്ങൾക്ക് മുന്നിലുള്ളത്. ക്ലാസ് മുറികൾ ഹൈടെക് ആയിമാറിയിരിക്കെ അധ്യാപകർക്കാവശ്യമായ റിസോഴ്സുകൾ ഡിജിറ്റൽ ലൈബ്രറിയിൽ സൂക്ഷിക്കാനും കൈമാറാനും ഇതുവഴി സാധിക്കുമെന്നശുഭപ്രതീക്ഷയിലാണ് ഞങ്ങൾ.

റഫീഖ്. പി
ടീച്ചർ ലൈബ്രേറിയൻ

# ഞങ്ങളുടെ ചില പരിപാടികൾ

## വായനാദിനം (ഉദ്ഘാടനം - സുധൻ നന്മണ്ട)



## ബഷീർ ദിനം ( ഉദ്ഘാടനം - ബിജു കാവിൽ)



## ലഹരി വിരുദ്ധ ദിനം



## കൈൺസിലിംഗ് ക്ലാസ്സ്



## പുസ്തകോത്സവം



## കുട്ടികളുടെ ചിത്ര പ്രദർശനം



## കുട്ടികളുടെ മ്യൂസിക് റിയാലിറ്റി ഷോയിൽ നിന്ന്



## മൊഴിയാട്ടം - കുറത്തി എന്നന കവിതയെ ആസ്പദമാക്കി





**കൂട്ടെഴുതാം ഈനോട്ടുബുക്കിൽ**



**ജെ.ആർ.സി. പഠനോപകരണങ്ങൾ**





**ശുഭം**